(7) മലപ്പുറം ജില്ലയിലെ വൈദ്യുതി ക്ഷാമം

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, മലബാർ മേഖലയിൽ പൊതുവേയും മലപ്പുറം ജില്ലയിൽ വിശേഷിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിദ്യുച്ഛക്തി വിതരണ രംഗത്തുള്ള അപാകതയിലും അതുപോലെതന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലുള്ള കാലതാമസത്തിലേക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളവും ഒരു പ്രദേശത്തെ സംബന്ധിച്ചിടത്തോളവും ആ പ്രദേശത്തിന്റെ നാനോന്മുഖമായ പ്രവർത്തനത്തിന് വിദ്യുച്ഛക്തിയുടെ പ്രസക്തിയെക്കുറിച്ച് നാം പറയാതെ തന്നെ അറിയാവുന്നതാണ്. അവിടത്തെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്കും അതുപോലെ തന്നെ വ്യവസായരംഗത്തുള്ള പിന്നോക്കാവസ്ഥയ്ക്കും എല്ലാം വിദ്യുച്ഛക്തി ഇന്നൊരു പ്രധാന കാരണമായിത്തീർന്നിരിക്കുന്നുവെന്നുള്ളതാണ് ഒരു യാഥാർത്ഥ്യമാണ്. അവിടെ 1979, 80, 81 കൊല്ലങ്ങളിൽ മിനിമം ഗ്യാരന്റി വയ്ക്കുകയും കണക്ഷനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന ധാരാളം ജനങ്ങൾ അവിടെയുണ്ട്. അവർക്ക് കണക്ഷൻ കൊടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ ഇന്ന് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സബ് സ്റ്റേഷനുകളുടെ പ്രവർത്തനം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടത്തിവരുന്നുണ്ട്. പലസ്ഥലങ്ങളിലും ലൈൻ വലിക്കുന്നതിനുള്ള പ്രയാസമാണ് വിദ്യുച്ഛക്തി ബോർഡ് കാരണമായി പറയുന്നത്. മഞ്ചേരി നിയോജകമണ്ഡലത്തിൽ മലപ്പുറം ജില്ലയുടെ വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുന്നതിന് പര്യാപ്തമായ രണ്ടു സബ് സ്റ്റേഷനുകളുടെ പ്രൊപ്പോസൽ ഇനിയും ഇലക്ട്രിസിറ്റി വകുപ്പിൽ കുരുങ്ങിക്കിടക്കുകയാണ്. അരീക്കോട് സബ് സ്റ്റേഷനും മഞ്ചേരി സബ് സ്റ്റേഷനും നിർമ്മിക്കുവാൻ യാതൊരു തടസ്സവുമില്ല. ലൈൻ വലിക്കേണ്ട ആവശ്യമൊന്നും അവിടെയില്ല. നാട്ടുകാർ മുൻകൂറായി തന്നെ അഡ്വാൻസ് പൊസിഷൻ നൽകുവാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മന്ത്രി ആ ജില്ലയിലെ ജനങ്ങളുടെ ഈ പ്രശ്നം ഗൗരവമായി എടുത്തുകൊണ്ട് ജനങ്ങൾ അഡ്വാൻസ് പൊസിഷൻ കൊടുക്കാൻ തയ്യാറായിട്ടുള്ള അരീക്കോട് സബ്സ്റ്റേഷന്റെയും അതുപോലെ തന്നെ മഞ്ചേരി സബ് സ്റ്റേഷന്റെയും പണി എത്രയും പെട്ടെന്ന് തുടങ്ങിക്കൊണ്ട് വിദ്യുച്ഛക്തിയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്. എല്ലാവർക്കും കണക്ഷൻ കൊടുക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ സംസ്ഥാനത്തിന് വളരെയധികം പ്രയോജനം നൽകുന്ന ഒരു ജനറേറ്റിംഗ് സ്റ്റേഷൻ ആണ് പാണ്ടിയാർ—പുന്നപ്പുഴ പ്ലാനിംഗ് ബോർഡ് അംഗീകരിക്കുകയും ചെയ്ത അത് സംസ്ഥാനത്തെ വിദ്യുച്ഛക്തി ബോർഡിന് ഇന്നും ഒരു പ്രശ്നമായിരിക്കുന്നു. അതിനുവേണ്ടി ഒന്നും ചെയ്യാതെ അങ്ങനെ കിടക്കുകയാണ്. ആ പാണ്ടിയാർ—പുന്നപ്പുഴ ജനറേറ്റിംഗ് സ്റ്റേഷൻ നടപ്പിൽ വരുത്തുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് മൊത്തത്തിലും പ്രത്യേകിച്ച് മലബാർ പ്രദേശത്തിന് കൂടുതലും വിദ്യുച്ഛക്തി നൽകാമെന്നുള്ളതുകൊണ്ട് ആ പാണ്ടിയാർ—പുന്നപ്പുഴ പ്രോജക്ടും അതുപോലെതന്നെ അരീക്കോടും മഞ്ചേരിയിലുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷനുകളുടെ പ്രവർത്തനം സത്വരഗതിയിൽ മുന്നോട്ടുകൊണ്ടു പോയി പ്രവർത്തനം തുടങ്ങണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇത് ഇനിയും സാങ്കേതികമായ അല്ലെങ്കിൽ നിയമത്തിന്റെ പ്രശ്നങ്ങളും പറഞ്ഞുകൊണ്ട് നീട്ടരുതെന്നും അങ്ങനെയുള്ള യാതൊരു പ്രശ്നങ്ങളും ഇതിനെ സംബന്ധിച്ച് ഇല്ല എന്നും ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, മലപ്പുറം ജില്ലയിൽ വോൾട്ടേജ് കുറവുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടികളും വളരെ വേഗതയിൽ തന്നെ ബോർഡ് എടുത്തുവരികയാണ്. കുറെ കാര്യങ്ങളും ഇപ്പോൾ തന്നെ ചെയ്തു തീർത്തിട്ടുണ്ട്. നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനും പുതിയ സബ് സ്റ്റേഷനുകളും തുടങ്ങി വിതരണശൃംഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായിട്ടാണ് ഇപ്പോൾ ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. മലപ്പുറത്ത് ഒരു 110 കെ. വി. സബ് സ്റ്റേഷന്റെ നിലവിലുള്ള ശേഷി കാര്യമായി വർദ്ധിപ്പിക്കുന്നതിലേക്കു വേണ്ടി ഇപ്പോഴുള്ളത് കൂടാതെ ഒരു 40 എം. വി. എ. 110 കെ. വി. ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കാനുള്ള നടപടികളും ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇതിന്റെ ഈ പ്രവർത്തനങ്ങളും രണ്ടുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഇപ്പോൾ കരുതുന്നത്. അതുപോലെതന്നെ ഇടരിക്കോട് സബ് സ്റ്റേഷന്റെ ശേഷി 8 എം. വി. എ. യിൽ നിന്നും 12 എം. വി. എ. ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത് ഏതാനും ദിവസങ്ങൾക്കകം പൂർത്തീകരിക്കുന്നതാണ്. ഇതിനുപുറമേ മഞ്ചേരിയിൽ ഒരു പുതിയ 66 കെ. വി. സബ് സ്റ്റേഷൻ തുടങ്ങുന്ന കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അക്കാര്യം ബോർഡ്.....അതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന് ഏകദേശം 86 ലക്ഷം രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ പ്രോജക്ട് അടുത്ത വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്. മഞ്ചേരി, ഇടവണ്ണ, വണ്ടൂർ എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന്, ഉദ്ദേശിച്ചിട്ടുള്ളതാണ് ഇപ്പോൾ പരിഗണനയിൽ ഇരിക്കുന്ന മഞ്ചേരി സബ് സ്റ്റേഷൻ. അതുപോലെ തന്നെ കുറ്റിപ്പുറത്ത് 115 ലക്ഷം രൂപ മുതൽമുടക്കി ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ കീഴുശ്ശേരിയിലും ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ പൊന്നാനി, പരപ്പനങ്ങാടി എന്നിവിടങ്ങളിലും 66 കെ. വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം ആവശ്യമായിട്ടുള്ളത് കൂടുതൽ സാമ്പത്തിക ഭദ്രതയാണ്. അതിനുള്ള അടവുമാണ് കൂടുതൽ ജോലികൾ ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത്. എന്നിരുന്നാലും ഞാൻ ഈ സൂചിപ്പിച്ച കാര്യങ്ങളിൽ നടപടികൾ പൂർത്തിയാക്കുമ്പോൾ തീർച്ചയായും ആ പ്രദേശത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി പാണ്ടിയാർ—പുന്നപ്പുഴ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ കാര്യത്തെക്കുറിച്ചാണ്. അത് ടെയിൽ റെയിസ് ജലം ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മിക്കുന്ന ഒരു ജലവൈദ്യുത പദ്ധതിയാണ്. ഇത് ചാലിയാർപ്പുഴയുടെ

LIBRARY ARCHIVES Kerala Legislative Assembly

കൈവഴികളായ പാണ്ടിയാർ പുന്നപ്പുഴ എന്നീ നദികളിൽനിന്നും തമിഴ്നാട് അവരുടെ ഭാഗത്തും കേരളം നമ്മുടെ ഭാഗത്തും നിർമ്മിക്കുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 35 മെഗാവാട്ട് ശേഷിയുള്ള രണ്ട് ജനറേറ്റുകൾ സ്ഥാപിച്ച് പ്രതിവർഷം 262 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സ്കീമാണിത്. പക്ഷേ അതിന്റെ അവസാന രൂപത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. 1965-ൽ ഉണ്ടായ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി രൂപം കൊണ്ടത്. പക്ഷേ തമിഴ്നാട് ഗവൺമെന്റും കേരള സംസ്ഥാനവുമായി അതിന്റെ കാര്യങ്ങൾ ഫയിനലയിസ് ചെയ്യാൻ കഴിയാത്തതുകൊണ്ട് ഇതിന്റെ കാര്യങ്ങൾ പൂർണ്ണതയിലേയ്ക്ക് എത്തിയിട്ടില്ല. അതിനുള്ള ചർച്ചകൾ നടന്നു വരികയാണ്. ആ ചർച്ചകൾ പര്യവസാനിച്ചെങ്കിൽമാത്രമേ ഈ സ്കീം ഏറെറടുക്കാൻ സാധിക്കുകയുള്ളൂ.

(8) ഫിസിയോ തെറാപ്പിസ്റ്റുകളുടെ പ്രശ്നം

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, അംഗസംഖ്യ വളരെക്കുറവാണെങ്കിലും കേരളത്തിലെ ഫിസിയോതെറാപ്പിസ്റ്റുകളുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. ആധുനിക വൈദ്യശാസ്ത്രത്തിൽ മരുന്നില്ലാതെ ചികിൽസിക്കാൻ സാധിക്കുമെന്ന് തെളിയിച്ച ഒരു വിഭാഗമാണ് ഈ ഫിസിയോതെറാപ്പിസ്റ്റു വിഭാഗം. താപം, ബലം, ജലം, വൈദ്യുതി, രശ്മികൾ, ശബ്ദം തുടങ്ങിയ ഭൗതിക മാധ്യമങ്ങൾ മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇവർ ചികിൽസ നടത്തിക്കൊണ്ടിരിക്കുന്നത്. ഫിസിയോതെറാപ്പിസ്റ്റുകളുടെ ചികിൽസ കഴിഞ്ഞതിനുശേഷമാണ് മരുന്ന് കൊടുക്കുന്നതെങ്കിൽ വളരെപ്പെട്ടെന്ന് ഇതിന്റെ ഫലം കണ്ടതായിട്ടും വൈദ്യശാസ്ത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഡോ. പൈ കമ്മീഷൻ കേരളത്തിലെ വൈദ്യ രംഗത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ ജില്ലാശുപത്രികളിൽ രണ്ടും താലൂക്കാശുപത്രികളിൽ ഒന്നും ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ചികിൽസാ രംഗത്ത് വളരെയധികം പ്രസക്തിയുള്ള ഫിസിയോതെറാപ്പിയുടേയും ഫിസിയോ തെറാപ്പിസ്റ്റുകളുടെയും വളർച്ചയ്ക്ക് ഫിസിക്കൽ മെഡിസിൻ മേധാവികളും സഹായകരമായ ഒരു നിലപാട് സ്വീകരിക്കുന്നില്ലായെന്നുള്ള അവരുടെ പരാതി വളരെക്കാലമായി പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ, എല്ലാവിധ ആധുനിക സൗകര്യങ്ങളുണ്ടായിട്ടുപോലും അവിടെ ഫിസിയോ തെറാപ്പിസ്റ്റ് കോഴ്സ് തുടങ്ങാൻ ഗവൺമെന്റ് ഇതുവരെ നടപടിയെടുത്തില്ലായെന്നുള്ളതാണ് അവരുടെ മറെറാരു പരാതി. ആരോഗ്യ വകുപ്പിൽ വളരെ ചുരുങ്ങിയ ഫിസിയോതെറാപ്പിസ്റ്റുകളാണ് ഇന്നുള്ളതെങ്കിൽപ്പോലും അവരുടെ സേവന വേതന വ്യവസ്ഥകളും, അവർ ഉദ്ദേശിച്ച, അവർ നിർദ്ദേശിച്ച, അവർ സമർപ്പിക്കപ്പെട്ട നിവേദനങ്ങളെ സംബന്ധിച്ചോ ഒരു പൊതു ചർച്ച നടത്താൻപോലും ഗവൺമെന്റ് ഇതുവരെ തയ്യാറായില്ലായെന്നുള്ളത് ദുഃഖകരമായ കാര്യമാണ്. കേരളത്തിലെ മലയാള മനോരമ, മാതൃഭൂമി, ഈനാട്, ദേശാഭിമാനി, ഇൻഡ്യൻ എക്സ്പ്രസ് തുടങ്ങിയ എല്ലാ പത്രങ്ങളും അവരുടെ നിരന്തരം പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ശ്രദ്ധ ചെലുത്തണം. ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം, കേരളത്തിലെ എല്ലാ ആശുപത്രികളിലും ഫിസിയോ തെറാപ്പിസ്റ്റുക

LIBRARY ARCHIVES Kerala Legislative Assembly